സ്പിഡപ്പ് ചെയ്യുന്നതിനായി ഞാൻ പറയാം. പക്ഷേ ആ സ്കെയിലും ഓരോ സംഘത്തിന്റെയും വരുമാനവുമായിട്ട് റിലേറ്റഡ് ആയിരിക്കണം. ആ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനായി നടപടിയെടുക്കുന്നതാണ്. എൻ.ഡി.ഡി.ബി. യുമായിട്ടുള്ള ബന്ധം തീർന്നുവെന്ന് ധരിക്കേണ്ടതില്ല. ഇപ്പോഴും അവർ സഹായം തരുന്നുണ്ട്. അവരുമായിട്ടുള്ള ആ ബന്ധം തുടരുകയാണ്. അതുകൊണ്ട് പ്രതിനിധിയെയും ഡയക്ടർ ബോർഡിൽ കമ്പൽസറിയായിട്ട് നോമിനേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. അവരുടെ ഗൈഡൻസും സഹായവും ഇനിയും നമുക്ക് ആവശ്യമാണ്. ഏതായാലും ഈ ഗൈഡൻസിൽ തെറ്റില്ല എന്നാണ് മഹാഭൂരിപക്ഷം പേരും കരുതുന്നത്. സർവ്വീസ് സംഘങ്ങളിൽ 50 ശതമാനത്തിൽ കൂടുതൽ നഷ്ടത്തിൽ കിടക്കുമ്പോൾ ഇവിടെ 30 ശതമാനത്തിൽ കൂടുതൽ നഷ്ടമില്ലാതെ നടക്കുന്നുവെന്നുള്ളതാണ്. അത് സേവന-വേതന വ്യവസ്ഥയെ സംബന്ധിച്ചുള്ള ക്രൈറ്റീരിയ അക്സപ്റ്റ് ചെയ്തുകൊണ്ടിരിക്കുന്നതു കൊണ്ടാണ്. അതുകൊണ്ട് തീർച്ചയായിട്ടും സ്കീമിലുള്ള എല്ലാ ആനുകൂല്യങ്ങളും എത്രയും വേഗം നടപ്പിലാക്കുന്നതിന് ശ്രമിക്കാം.

(4) മാള നിയോജകമണ്ഡലത്തിലെ അന്നമനട-പുളിക്കടവ് പാലം പണി

ശ്രീ. യു.എസ്. ശശി : സർ, എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ വളരെക്കാലമായി ഉന്നയിക്കുന്ന ആവശ്യമായ അന്നമനട-പുളിക്കടവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അന്നമനട-പുളിക്കടവ് പാലം പണിയണമെന്ന ആവശ്യത്തിന് 40 വർഷത്തിലേറെ പഴക്കമുണ്ട്. എൻ.എച്ച്. 47 -ഉം എൻ.എച്ച് 17-ഉം പരസ്പരം ബന്ധിപ്പിക്കുന്ന ഒരു പാലമാണിത്. ഈ പാലത്തിന്റെ നിർമ്മാണത്തിന് 5.85 കോടി രൂപയാണ് എസ്റ്റിമേറ്റ് സംഖ്യ. കഴിഞ്ഞ രണ്ടു ബഡ്ജറ്റിലും ഒരു ചെറിയ സംഖ്യ വക കൊള്ളിച്ചിരുന്നെങ്കിലും എസ്റ്റിമേറ്റ് സംഖ്യയുടെ 20 ശതമാനം പോലും സംഖ്യ ബഡ്ജറ്റിൽ ഇല്ലാതിരുന്നതിനാൽ ടെണ്ടർ ചെയ്യാൻ കഴിഞ്ഞില്ല. ഈ ബഡ്ജറ്റിൽ ആവശ്യമായ സംഖ്യ വകകൊള്ളിച്ചുകൊണ്ട് പാലം നിർമ്മിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യമന്ത്രിക്കു വേണ്ടി പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : മെമ്പർ ഇവിടെ പറഞ്ഞ പാലത്തിന്റെ പണി വളരെ പ്രാധാന്യത്തോടുകൂടിയാണ് ഗവണ്മെന്റ് കാണുന്നത്. മാള നിയോജക മണ്ഡലത്തിലെ പുളിക്കടവ് പാലം നിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു. ഈ കൊല്ലത്തെ ബഡ്ജറ്റിൽ 17 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. സർക്കാരിന്റെ സാമ്പത്തിക പരിമിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കുന്ന ശുപാർശകൂടി കണക്കിലെടുത്ത് അടുത്ത കൊല്ലത്തേയ്ക്ക് ഈ പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തുന്നതാണ്.

(5) പാലക്കാട് ജില്ലയിലെ പുറമ്പോക്ക് ചേരി നിവാസികൾക്ക് കൈവശരേഖ

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, പാലക്കാട് ജില്ലയിലെ മുനിസിപ്പൽ പഞ്ചായത്ത് ഏരിയകളിൽ പുറമ്പോക്കുകളിലും അതുപോലെതന്നെ ചേരികളിലും താമസിക്കുന്ന ഏതാണ്ട് ഇരുപത്തി അയ്യായിരത്തോളം

LIBRARY ARCHIVES Kerala Legislative Assembly